പാർപ്പിട പദ്ധതി പ്രകാരം വകയിരുത്തിയ തുക

218 (193) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1.75 ലക്ഷം കുടുംബങ്ങൾക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാവർക്കും പാർപ്പിട പദ്ധതിയിൻ കീഴിൽ സർക്കാർ വിഹിതമായി ബഡ്ജറ്റിൽ വകയിരുക്കിയ തുക എത്രയായിരുന്നു; സബ്സിഡി നൽകുന്നതിനായി വകയിരുത്തിയിരുന്ന തുക എത്ര;

(ബി) പ്രസ്തുത ഹൗസിംങ് ഫണ്ടുകളിൽ നിന്നും സർക്കാർ വിഹിതമായി എത്ര കോടി രൂപ തിരിച്ചടവിൽ സബ്സിഡിക്കുവേണ്ടി ബജനാവിൽ നിന്നും പിൻവലിച്ചിട്ടുണ്ട്;

(സി) ഈ സർക്കാരിന്റെ സബ് ബഡ്ജറ്റുകളിലായി ഹൗസിംഗിനുവേണ്ടി വകയിരുത്തിയ തുകയും, പിൻവലിക്കപ്പെട്ട തുകയും എത്ര വീതം;

(ഡി) നിലവിൽ പാർപ്പിടം ഇല്ലാത്തവർ എത്ര എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാർപ്പിടമില്ലാത്തവരായി കണക്കാക്കപ്പെട്ടവർ എത്രയായിരുന്നു;

(ഇ) ഡീസലിനും പെട്രോളിനും ഒരു രൂപ നിരക്കിൽ അധികമായി പിരിച്ചെടുത്ത നികുതിയിൽ നിന്നും ഹൗസിംങ്ങിനായി എത്ര കോടി പിൻവലിക്കുകയുണ്ടായി; പിരിച്ചെടുത്ത അധിക നികുതി എത്ര?

ഉത്തരം

(എ) തുക വകയിരുത്തിയിട്ടില്ല. പെട്രോൾ, ഡീസൽ വില്പനയിൽ ഒരു രൂപയുടെ അധിക വിൽപ്പന നികുതിയുടെ 50% തുക "എല്ലാവർക്കും വീട്" പദ്ധതിക്കായി മാറ്റി വയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) തുകയൊന്നും പിൻവലിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) പാർപ്പിടമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണം ഭവന നിർമ്മാണ വകുപ്പ് നടത്തിയിട്ടില്ല. ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങൾ ഉണ്ട്.

(ഇ) തുകയൊന്നും പിൻവലിച്ചിട്ടില്ല. ഡിസംബർ 2015 വരെ 328.82 കോടി രൂപ അധിക വിൽപ്പന നികുതിയിനത്തിൽ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly